**പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറിയുടെ ഉത്തര്വ് നടപടികൾ**
**(സാന്നിദ്ധ്യം: ശ്രീ.പ്രമോദ്.കെ)**

**പെരിന്തൽമണ്ണ നഗരസഭ – ലൈഫ് പദ്ധതി – കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.**

**സി.ഡി.എസ്–1566/17** **പെരിന്തൽമണ്ണ, തീയതി: 31/07/2017**

പരാമർശം:– 1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14/07/17 ലെ LF/01/(01)/2017 നമ്പർ കത്ത്.
2) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/07/17 ലെ LF/01(02)/2017 നമ്പർ കത്ത്.
3) 27/07/17 ലെ LF/01(03)/2017 നമ്പർ കത്ത്.
4) നഗരസഭാ കൗൺസിലിന്റെ 24/07/17 ലെ യോഗതീരുമാനം

*****

## ഉത്തരവ്

ലൈഫ് മിഷൻ വഴി ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ നടത്തിയ സർവ്വേ വിവരങ്ങൾ പരാമർശം (1)(2)(3) മുഖേന ലൈഫ് മിഷൻ ലഭ്യമാക്കിയിരുന്നു. ലൈഫ് മിഷൻ ലഭ്യമാക്കിയ കരട് ഗുണഭോക്തൃ പട്ടിക 24/07/17 ൽ കൂടിയ സ്ക്രൂട്ടിനി ആന്റ് അപ്പീൽ കമ്മിറ്റി പ്രാഥമിക പരിശോധന നടത്തി അംഗീകാരത്തിനായി നഗരസഭാ കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്. നഗരസഭാ കൗൺസിൽ 24/07/2017 ന് യോഗം ചേരുകയും കരട് ഗുണഭോക്തൃ ലിസ്റ്റ് പരിശോധിക്കുകയും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (4) പ്രകാരം അനുവാദം നൽകുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ ലൈഫ് മിഷനിൽ നിന്നും ലഭിച്ച ആനുകൂല്യത്തിനർഹമായ ഭൂരഹിത ഭവനരഹിതരായവരുടെ കരട് ലിസ്റ്റ്

അനുബന്ധം I ആയും, ഭവന രഹിതരുടെ കരട് ലിസ്റ്റ് അനുബന്ധം II ആയും ഇതോടൊപ്പം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

താഴെപ്പറയുന്ന അർഹതാ മാനദണ്ഡങ്ങൾ പ്രകാരമാണ് ലൈഫ് മിഷൻ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാകുന്നു.

I – വസ്തുവും വീടും ഇല്ലാത്തവർ (ഭൂരഹിത ഭവന രഹിതർ)

1. സ്വന്തമായി / കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ
2. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
3. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ
4. പരമ്പരാഗതമായി കുടുംബ സ്വത്ത് കൈമാറി കിട്ടാൻ സാധ്യത ഉണ്ടാകാൻ പാടില്ല

5. സ്വത്ത് ഭാഗം വെച്ച ശേഷം ഭൂരഹിതർ ആയവർ ആകാൻ പാടില്ല
6. സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ / പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.
7. സ്വകാര്യ ആവശ്യത്തിന് നാലുചക്ര വാഹനം ഉണ്ടാകാൻ പാടില്ല

II – <u>വസ്തു ഉള്ള ഭവന രഹിതർ (ഭവന രഹിതർ)</u>

1. സ്വന്തമായി / കുടുംബാംഗങ്ങളുടെ പേരിൽ ഭവനം ഇല്ലാത്തവർ
2. പരമ്പരാഗതമായി ഭവനം കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ
3. റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
4. സ്വന്തമായി വസ്തു ഉള്ളവർ (നഗരങ്ങളിൽ 5 സെന്റിന് താഴെയും ഗ്രാമങ്ങളിൽ 25 സെന്റിന് താഴെയും ഭൂമി ഉള്ളവർ മാത്രം) പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല
5. കുടുംബ വരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ
6. സർക്കാർ/അർദ്ധ സർക്കാർ / പൊതുമഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/പെൻഷൻ വാങ്ങുന്നവർ/ഉള്ള കുടുംബം ആകാൻ പാടില്ല
7. സ്വകാര്യ ആവശ്യത്തിന് നാലുചക്ര വാഹനം ഉണ്ടാകാൻ പാടില്ല

റേഷൻ കാർഡ് ഇല്ലാത്തവർ, പൂർത്തീകരിക്കാത്ത ഭവനങ്ങൾ ഉള്ളവർ, വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവർ, മക്കൾക്ക് വസ്തുവും വീടും കൈമാറിയ ശേഷം ഭവന രഹിതരായവർ, മാതാപിതാക്കൾക്ക് വസ്തുവുണ്ടായിരിക്കുകയും എന്നാൽ ഉടനടി വസ്തു ഭാഗം ചെയ്ത് മക്കൾക്ക് നൽകാൻ സാധ്യതയില്ലാത്തവർ എന്നിവർ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനർഹരല്ലായെന്നും വ്യക്തമാകുന്നു.

കരട് ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച് ആക്ഷേപങ്ങൾ 2017 ആഗസ്ത് 10–ാം തീയ്യതി വരെ വെള്ള പേപ്പറിൽ നഗരസഭാ സെക്രട്ടറിക്ക് നൽകാവുന്നതാണ്. ആയതിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. മൂന്ന് തരത്തിലുള്ള അപ്പീലുകളാണ് പരിഗണിക്കുന്നത്.

1) അർഹത ഉണ്ടായിട്ടും ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അപ്പീൽ
2) അനർഹരായ കുടുംബങ്ങളെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അപ്പീൽ
3) അർഹതയുള്ള ഗുണഭോക്താക്കളുടെ കുടുംബ വിവരങ്ങളിൽ വന്ന തെറ്റുകൾ തിരുത്തുന്നതിനുള്ള അപ്പീൽ

(ഒപ്പ്)

സെക്രട്ടറി
പെരിന്തൽമണ്ണ നഗരസഭ

പ്രസിദ്ധീകരണത്തിന്

നോട്ടീസ് ബോർഡ്, വെബ്സൈറ്റ് (www.perinthalmannamunicipality.in)
പകർപ്പ്
ബഹു.ചെയർമാൻ, സെക്രട്ടറി, എന്നിവരുടെ മേശപ്പുറത്ത്
കൗൺസിലർമാർ